അസിസ്റ്റന്റ് പ്രിസൺ ആഫീസർ നിയമനം

256 (262) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ തസ്തിക തിരിച്ച് വിശദമാക്കുമോ ;

(ബി) അസിസ്റ്റന്റ് പ്രിസൺ ആഫീസർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) മോഡൽ പ്രിസൺ മാന്വൽ പ്രകാരം തിരുവനന്തപുരം ജയിൽ യൂണിറ്റിലെ എത്ര അസിസ്റ്റന്റ് പ്രിസൺ ആഫീസർമാരുടെ ഒഴിവുകൾ നികത്തേണ്ടതായുണ്ട് എന്ന വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) തിരുവനന്തപുരം യൂണിറ്റിൽ അസിസ്റ്റന്റ് പ്രിസൺ ആഫീസറുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി റാങ്ക് ലിസ്റ്റിൽനിന്നും നിയമനത്തിനായി ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. ടി റാങ്ക് ലിസ്റ്റിൽനിന്നും നിയമനവും നടന്നു വരുന്നുണ്ട്. കണ്ണൂർ, തൃശ്ശൂർ യൂണിറ്റുകളിൽ അസിസ്റ്റന്റ് പ്രിസൺ ആഫീസർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ഡി) മോഡൽ പ്രിസൺ മാന്വൽ പ്രകാരം ആറ് തടവുകാർക്ക് 1 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. 3-2-2015-ലെ പ്രിസൺ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 7122 പുരുഷ തടവുകാരുണ്ട്. ആകെ 967 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളാണുള്ളത്. 7122 പുരുഷ തടവുകാർക്ക് 6:1 എന്ന അനുപാതം കണക്കാക്കി 1187 അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ ആവശ്യമാണ്. ജയിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly